(ജി) പ്രസ്തുത ട്രെയിനിന് വർക്കലയിൽ സ്റ്റോപ്പനുവദിക്കണം എന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം ലഭിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) ഉണ്ട്. എട്ട് സ്റ്റോപ്പുകൾ. കൊല്ലം, കായംകുളം, മാവേലിക്കര, ചെങ്ങന്നൂർ, തിരുവല്ല, ചങ്ങനാശ്ശേരി, കോട്ടയം, പിറവം റോഡ് എന്നിവിടങ്ങളിൽ സ്റ്റോപ്പുണ്ട്.

(ബി) കുറവല്ല.

(സി) ഇല്ല.

(ഡി) അഞ്ച് സ്റ്റോപ്പുകളുണ്ട്.

(ഇ) സ്റ്റോപ്പുകളൊന്നും തന്നെയില്ല.

(എഫ്) റെയിൽവേയെ അറിയിച്ചിട്ടുണ്ട്.

(ജി) ഉണ്ട്.

കൊല്ലം-തിരുവനന്തപുരം റെയിൽവേപ്പാത ഇരട്ടിപ്പിക്കുന്ന പണി

117 (2830) ശ്രീ. എ. കെ. മണി :
ശ്രീ. എഴുകോൺ നാരായണൻ :
ശ്രീ. ജോർജ്. ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം-തിരുവനന്തപുരം റെയിൽവേപാത ഇരട്ടിപ്പിക്കുന്ന പണി എവിടെയെല്ലാം പൂർത്തിയായി ;

(ബി) എവിടെയെല്ലാം രണ്ടു ലൈനിലും ട്രെയിൻ ഓടിക്കുന്നുണ്ട് ;

(സി) ഈ ലൈൻ ഇരട്ടിപ്പ് എന്നത്തേയ്ക്ക് പൂർത്തിയാകും ;

(ഡി) ഇത് എന്നത്തേയ്ക്ക് കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കൊല്ലം മുതൽ വർക്കലവരെയും തിരുവനന്തപുരം സെൻട്രൽ മുതൽ മുരുക്കുംപുഴ വരെയും ഉള്ള പാതയുടെ ഇരട്ടിപ്പിക്കൽ പൂർത്തിയായി.

(ബി) കൊല്ലം മുതൽ വർക്കലവരെയും തിരുവനന്തപുരം സെൻട്രൽ മുതൽ മുരുക്കുംപുഴ വരെയും ഉള്ള രണ്ടുവരി പാതയിൽ കൂടി ട്രെയിനുകൾ ഇപ്പോൾ ഓടിക്കുന്നുണ്ട്.

(സി) ഈ വർഷം ഏപ്രിൽ അവസാനത്തോടുകൂടി പാത ഇരട്ടിപ്പിക്കൽ പൂർത്തിയാകും.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പണി പൂർത്തിയായി പത്ത് ദിവസത്തിനകം ലൈസൻസുകൾ കമ്മീഷൻ ചെയ്യാൻ കഴിയും എന്ന് റെയിൽവേ അധികൃതർ അറിയിച്ചിട്ടുണ്ട്.

കുറ്റിപ്പുറം-ഗുരുവായൂർ റെയിൽവേ ലൈൻ പണി

118 (2831) ശ്രീ. എം. കെ. മുനീർ :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. കെ.പി.എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുറ്റിപ്പുറം-ഗുരുവായൂർ റെയിൽവേ ലൈൻ പണിയുന്നതിന്റെ നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ റെയിൽപാതയുടെ പണി അടുത്ത സാമ്പത്തികവർഷം എത്രത്തോളം നടത്തുവാനാണ് പദ്ധതിയിട്ടിരിക്കുന്നതെന്ന് അറിവുണ്ടോ ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ;

(സി) ഇതിനായി എന്തു തുക വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇല്ലെങ്കിൽ റെയിൽവേ ബഡ്ജറ്റിൽ കേരളത്തെ അവഗണിച്ചതിന് പരിഹാരമായി അനുവദിക്കുന്ന ജോലികളിൽ കുറ്റിപ്പുറം-ഗുരുവായൂർ പാതയുടെ പണി കൂടി ഉൾപ്പെടുത്താൻ നിവേദനം നൽകുമോ ?

ഉത്തരം

(എ &ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) ഈ സാമ്പത്തിക വർഷം 10 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

കേരളത്തിൽ നിന്നുള്ള റെയിൽവേ വരുമാനം

119 (2832) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ നിന്ന് റെയിൽവേയ്ക്ക് ഓരോ വർഷവും എന്ത് വരുമാനമാണ് ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) കഴിഞ്ഞ 5 വർഷങ്ങളിലായി കേരളത്തിലെ റെയിൽവേ വികസനത്തിനുവേണ്ടി കേന്ദ്രം എന്തു തുക അനുവദിച്ചിട്ടുണ്ട് ; ഓരോ വർഷത്തെ കണക്കുകൾ വെളിപ്പെടുത്താമോ ;

(സി) കേരളത്തിന് ഒരു റെയിൽവേ സോൺ അനുവദിക്കാൻ കേന്ദ്രത്തോട് ആവശ്യപ്പെടുമോ ?

LIBRARY ARCHIVES Kerala Legislative Assembly